# ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനിയുടെ ചാൻസലറുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

സെപ്റ്റംബർ 10, 2023

2023 സെപ്റ്റംബർ 10 ന് ന്യൂഡൽഹിയിൽ നടന്ന ജി 20 ഉച്ചകോടിയുടെ ഭാഗമായി ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനിയുടെ ചാൻസലർ ഒലാഫ് ഷോൾസുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. 2023 ഫെബ്രുവരിയിലെ ഇന്ത്യാ സന്ദർശനത്തിന് ശേഷം ചാൻസലറുടെ ഈ വർഷത്തെ രണ്ടാമത്തെ ഇന്ത്യാ സന്ദർശനമായിരുന്നു ഇത്.

2. ജി20 പ്രസിഡൻസിയുടെ വിജയത്തിൽ ചാൻസലർ ഷോൾസ് പ്രധാനമന്ത്രിയെ അഭിനന്ദിച്ചു. ഇന്ത്യയുടെ ജി20 പ്രസിഡൻസി കാലത്ത് വിവിധ ജി20 മീറ്റിംഗുകളിലും ഇവന്റുകളിലും ഉന്നതതല പങ്കാളിത്തം നൽകിയ ജർമ്മനിയുടെ പിന്തുണയെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

3. തങ്ങളുടെ ഉഭയകക്ഷി തന്ത്രപരമായ പങ്കാളിത്തത്തിലെ പുരോഗതിയും നേതാക്കൾ അവലോകനം ചെയ്തു. പ്രതിരോധം, ഹരിതവും സുസ്ഥിരവുമായ വികസനം, നിർണായക ധാതുക്കൾ, വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരുടെ ചലനാത്മകത, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സഹകരണം ആഴത്തിലാക്കാനുള്ള വഴികൾ അവർ ചർച്ച ചെയ്തു.

4. പരസ്പര താൽപ്പര്യമുള്ള പ്രാദേശികവും ആഗോളവുമായ വിഷയങ്ങളെക്കുറിച്ചും നേതാക്കൾ അഭിപ്രായങ്ങൾ കൈമാറി.

5. ഇൻറർ ഗവൺമെൻറ് കൺസൾട്ടേഷനുകളുടെ അടുത്ത റൗണ്ടിനായി പ്രധാനമന്ത്രി ചാൻസലർ ഷോൾസിനെ അടുത്ത വർഷം ഇന്ത്യയിലേക്ക് ക്ഷണിച്ചു.

**ന്യൂഡൽഹി**
**സെപ്റ്റംബർ 10, 2023**